# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2460** **08.05.2017 ൽ മറുപടി നല്കേണ്ടിയിരുന്നത്**

**<u>മൂന്നാറിൽ സ്റ്റോപ്പ് മെമ്മോ മറികടന്ന് നിർമ്മാണം പൂർത്തിയാക്കിയ റിസോർട്ടുകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എം. വിൻസെന്റ് | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

| | | |
|---|---|---|
| (എ) | മൂന്നാറിലും പരിസരപ്രദേശങ്ങളിലും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കൈയ്യേറ്റ ഭൂമിയിൽ ഭൂമാഫിയ വൻകിട കെട്ടിടങ്ങൾ കെട്ടിപ്പൊക്കിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ)കയ്യേറ്റഭൂമിയിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ അനധികൃതമായി വൻകിട കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. എന്നാൽ പട്ടയഭൂമിയിൽ നിയമാനുസൃതമായ അനുമതികൾ ഇല്ലാതെ വൻകിട കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുള്ളതാണ്. സർക്കാർ ഭൂമി കയ്യേറി വ്യാജ പട്ടയം സമ്പാദിച്ച് അനധികൃതമായി വൻകിട കെട്ടിട നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് അന്വേഷണം നടത്തിവരുന്നതാണ്. |
| (ബി) | സ്റ്റോപ്പ് മെമ്മോ മറികടന്ന് നിർമ്മാണം പൂർത്തിയാക്കിയ റിസോർട്ടുകൾ ലൈസൻസ് സ്വന്തമാക്കിയിട്ടുണ്ടോ; | (ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | മൂന്നാറിൽ എത്ര റിസോർട്ടുകൾക്കാണ് നിലവിൽ സ്റ്റോപ് മെമ്മോ നൽകിയിട്ടുള്ളത്; | (സി)യും (ഡി)യും വാണിജ്യാവശ്യങ്ങൾക്കായി പട്ടയഭൂമിയിൽ നിയമാനുസൃതമായ അനുമതികൾ ഇല്ലാതെ അനധികൃതമായി നിർമ്മാണം നടത്തിയ 66 കെട്ടിടങ്ങൾക്ക് നിലവിൽ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതാണ്. കെട്ടിടങ്ങൾ ഒന്നും പൊളിച്ചുനീക്കിയിട്ടില്ല. |
| (ഡി) | അനധികൃത നിർമ്മാണം നടത്തിയ എത്ര റിസോർട്ടുകൾക്കും വൻകിട കെട്ടിടങ്ങൾക്കുമാണ് ഈ സർക്കാർ അധികാരമേറ്റശേഷം നിലവിൽ സ്റ്റോപ് മെമ്മോ നൽകിയിട്ടുള്ളത് ; പൊളിച്ചുനീക്കിയതെത്രയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ